(എ) സംസ്ഥാനത്തെ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ നിലവിലുള്ള കോഴ്സുകളിൽ മാറ്റം വരുത്തിക്കൊണ്ട് പുതിയ കോഴ്സുകൾ തുടങ്ങുന്ന കാര്യം ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പുതിയ കോഴ്സുകളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) വൊക്കേഷണൽ കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്.

(ബി) അന്തിമ തീരുമാനമായിട്ടില്ല.

കേന്ദ്ര മാനവശേഷി വകുപ്പിൽ നിന്നും വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ തുടങ്ങാൻ ലഭിച്ച തുക

141 [693] ഡോ. എ. നീലലോഹിതദാസൻ നാടാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷത്തിൽ, കേന്ദ്ര മാനവശേഷി വകുപ്പിൽ നിന്നും വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകൾ തുടങ്ങാൻ എത്ര രൂപ സംസ്ഥാനത്തിന് ലഭിക്കുകയുണ്ടായി;

(ബി) പ്രസ്തുത തുക എന്തൊക്കെ ആവശ്യങ്ങൾക്കുവേണ്ടി ചെലവഴിച്ചു; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളുടെ ആവശ്യത്തിലേക്കായി എത്ര കമ്പ്യൂട്ടറുകൾ ഇതിനകം വാങ്ങിയിട്ടുണ്ട്; ഈ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചു;

(ഡി) പ്രസ്തുത കമ്പ്യൂട്ടറുകൾ ഡ്യൂപ്ലിക്കേറ്റ് പാർട്ടുകൾ ചേർത്ത് അസംബിൾ ചെയ്തിട്ടുള്ളതാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സാമ്പത്തിക വർഷം തുകയൊന്നും ലഭിച്ചിട്ടില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളുടെ ആവശ്യത്തിലേക്കായി ഇതുവരെ 1203 കമ്പ്യൂട്ടറുകൾ വാങ്ങിയിട്ടുണ്ട്. ഈ ഇനത്തിൽ 5,11,89,870 രൂപ ചെലവഴിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്തരം ഒരു പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

അധികാര പരിധിക്ക് പുറത്ത് നടത്തുന്ന സർവ്വകലാശാല കോഴ്സുകൾ

142 [694] ശ്രീ. ലൂഡി ലൂയിസ്:
„ ബി. വിജയകുമാർ:
„ എൻ. ശക്തൻ:
„ പി. ടി. തോമസ്:
„ എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് സർവ്വകലാശാലയുടെ അധികാരപരിധി എവിടെയെല്ലാമാണ്;

(ബി) സർവ്വകലാശാലയുടെ അധികാര പരിധിക്ക് പുറത്ത് പ്രസ്തുത സർവ്വകലാശാല കോഴ്സുകൾ നടത്തിയിരുന്നോ;

(സി) എങ്കിൽ എവിടെയെല്ലാം എന്തെല്ലാം കോഴ്സുകളാണ് നടത്തിയിരുന്നത്;

(ഡി) ഈ കോഴ്സുകൾ നിർത്താൻ തീരുമാനിച്ചിട്ടുണ്ടോ; ഈ കോഴ്സുകൾ സാമ്പത്തികമായി വിജയിച്ചിരുന്നുവോ?

ഉത്തരം

(എ) തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട് (മാനന്തവാടി താലൂക്ക് ഒഴികെ) ജില്ലകൾ.

(ബി) നടത്തിയിരുന്നു.

(സി) 1. പ്രിന്റിംഗ് ടെക്നോളജിയിൽ സർട്ടിഫിക്കറ്റ് കോഴ്സുകൾ.— തിരുവനന്തപുരം, കണ്ണൂർ.

2. ബി. എസ്. സി. നഴ്സിംഗ്, ഫിസിയോ തെറാപ്പി—കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, തലശ്ശേരി.

(ഡി) പ്രിന്റിംഗ് ടെക്നോളജിയിലെ സർട്ടിഫിക്കറ്റ് കോഴ്സുകൾ നിർത്താൻ തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തികമായി ഇവ വിജയിച്ചിരുന്നു.

"എം. ജി. സർവ്വകലാശാലയിലെ താൽക്കാലിക നിയമനങ്ങൾ"

143 [695] ശ്രീ. ബി. വിജയകുമാർ:
„ എം. എ. ചന്ദ്രശേഖരൻ:
„ എം. കെ. പോൾസൺ മാസ്റ്റർ:
„ വി. ഡി. സതീശൻ:
„ എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly